## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2533** — **12/06/2018-ൽ മറുപടിയ്ക്ക്**

## മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ പുന:രുദ്ധാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ പുന:രുദ്ധാരണത്തിനായി എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഉപഭോക്തൃ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ടി സംഘങ്ങളെക്കുറിച്ച് പഠിച്ച് നിലവിലെ സ്ഥിതിക്കുള്ള കാരണവും അവയെ പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി 4 അംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റി ജില്ലാ മൊത്തവ്യാപാര സ്റ്റോറുകളുടെ പുനരുദ്ധാരണം സംബന്ധിച്ച നിർദ്ദേശം കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇവിടുത്തെ ജീവനക്കാരുടെ തുച്ഛമായ വരുമാനം കണക്കിലെടുത്ത് ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | മൊത്ത വ്യാപാര സ്റ്റോറിലെ ജീവനക്കാരുടെ തുച്ഛമായ വരുമാനം കണക്കിലെടുത്ത് സർക്കാർ 500/- രൂപ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്.<br><br>സ്റ്റോറിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ സ്ഥാപനങ്ങളിലേക്ക് ടെൻഡർ കൂടാതെ ജില്ല മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനായി 2009-ൽ ഇറക്കിയിരുന്ന സർക്കുലർ പുതുക്കി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ഡി) | ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് ടെണ്ടർ കൂടാതെ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനായി 2009 ൽ ഇറക്കിയ സർക്കുലർ പുതുക്കി നൽകുന്നതിനായി ജില്ലാ മൊത്ത വ്യാപാര സഹകരണ ഉപഭോക്തൃ സ്റ്റോറുകളുടെ പ്രസിഡന്റുമാർ സമർപ്പിച്ച നിവേദനം സഹകരണ രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**